(8) ധനാഭ്യർത്ഥനകളുടെ പുനർനാമകരണം സംബന്ധിച്ച്

2018 മാർച്ച് മാസം 26-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, നിയമസഭയുടെ നടപടിക്രമം സംബന്ധിച്ച ചട്ടങ്ങളിലും ബഡ്ജറ്റ് മാനുവലിലും സഭ മുമ്പാകെ സമർപ്പിക്കേണ്ട എസ്റ്റിമേറ്റുകൾ ഏതു രൂപത്തിലായിരിക്കണമെന്നതു സംബന്ധിച്ച് നിർദ്ദേശിക്കേണ്ടത് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ കർത്തവ്യമായി വിവക്ഷിച്ചിട്ടുണ്ടെന്നും എന്നാൽ 2018-2019 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 'ചരക്ക് സേവന നികുതിയും വിൽപ്പന നികുതിയും' എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേര് 'ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും' എന്നും 'തൊഴിലും തൊഴിൽ സൗകര്യങ്ങളും ' എന്ന മേജർ ഹെഡ്ഡ് ' തൊഴിലും തൊഴിൽ സൗകര്യങ്ങളും നൈപുണ്യവികസനവും' എന്നും പുനർനാമകരണം ചെയ്യപ്പെട്ടിട്ടുള്ളതായും 'സംഭരണ ചെലവ്' എന്ന ഒരു മേജർ ഹെഡ്ഡ് ആരംഭിച്ചിട്ടുള്ളതായും കാണുന്നുവെന്നും ഈ മാറ്റങ്ങൾ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണോ എന്ന് വ്യക്തമാക്കിയിട്ടില്ലെന്നും ധനാഭ്യർത്ഥനകളുടെ പേരിൽ വരുത്തുന്ന മാറ്റങ്ങൾ ബന്ധപ്പെട്ട ബഡ്ജറ്റ്

ഡോക്കുമെന്റുകളിൽ പരാമർശിച്ചിട്ടുള്ള പ്രീസീഡന്റ്സും ഉള്ള സാഹചര്യത്തിൽ ധനാഭ്യർത്ഥനകളുടെ പേരിൽ മാറ്റങ്ങൾ വരുത്തിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും ആയതിനാൽ ഇത് സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

നികുതി, തൊഴിൽ എന്നീ ശീർഷകങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതു സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെയും എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങുകയും ഡിമാന്റ്സിന്റെ ആമുഖത്തിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നുവെന്ന് പറയുകയും ചെയ്തിട്ടുണ്ടെന്നും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളതെന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്ന തല്ലെന്ന് ധനകാര്യവും കയറും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട ചെയർമാൻ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

"ധനാഭ്യർത്ഥനയുടെ പേരിൽ മാറ്റം വരുത്തുമ്പോൾ എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും അക്കൗണ്ടന്റ് ജനറലിന്റെയും മുൻകൂർ അനുമതി തേടാറുണ്ട്.

---

* XIV KLA X Session Vol. No. 171/No. 18 dated 26.03.2018

ഇവിടെ പരാമർശിക്കപ്പെട്ട ധനാഭ്യർത്ഥനകളുടെ കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി ധനകാര്യവകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെങ്കിലും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കാര്യം ബഡ്ജറ്റ് ഡോക്കുമെന്റിൽ ഉൾപ്പെടുത്തുന്നത് നന്നായിരുന്നു എന്നാണ് ചെയറിന്റെ റൂളിംഗ്.''